പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2232

06/10/2016-ൽ
മറുപടിയ്ക്ക്

## ശ്രീ.സജിൻപോളിന്റെ നിയമനം

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി :

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോതമംഗലം എം.എ. കോളേജിൽ കോമേഴ്സ് വിഭാഗം ലക്ചററായി യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ നിയമിതനായ ശ്രീ.സജിൻ പോളിന്റെ നിയമനം വർഷങ്ങൾ പിന്നിട്ടിട്ടും അംഗീകാരം നൽകി, ശമ്പളം നൽകുന്നതിന് അനുമതി ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കോതമംഗലം എം.എ കോളേജിൽ കോമേഴ്സ് വിഭാഗം അദ്ധ്യാപകനായ ശ്രീ.സജിൻ പോളിന്റെ നിയമനത്തിന് യൂണിവേഴ്സിറ്റി അംഗീകാരം നൽകിയിരുന്നുവെങ്കിലും നിശ്ചിത ജോലിഭാരത്തിന്റെ അഭാവത്തിൽ അദ്ദേഹത്തിന് സർക്കാർ നിയമനാംഗീകാരം നൽകുകയുണ്ടായില്ല. ഇതിനെതിരെ അദ്ദേഹം ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. WP(C) 5135/15 – മേലുള്ള ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 03/2015 മുതൽ പ്രതിമാസ ശമ്പളം അനുവദിച്ച് നൽകുന്നുണ്ട്. |
| (ബി) | ഇദ്ദേഹത്തിന്റെ അപേക്ഷയിന്മേൽ നിയമനം അംഗീകരിച്ച് നൽകുന്നതിനായി നടപടി സ്വീകരിക്കുമോ? | (ബി) | നിയമനാംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ.സജിൻപോൾ സമർപ്പിച്ച അപേക്ഷയിൻമേൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 01.10.2016 ലെ കത്ത് പ്രകാരം ലഭ്യമാക്കിയ ശുപാർശ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ